**കേരള സർക്കാർ**

## <u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- കോവിഡ് -19 വ്യാപനം -സാമ്പത്തിക പാക്കേജ് - സാമൂഹ്യ സുരക്ഷാ/ക്ഷേമ പെൻഷനുകൾ ലഭിക്കാത്ത ഓരോ BPL(PHH), AAY കുടുംബത്തിനും - സാമ്പത്തിക സഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അഗ്രിക്കൾച്ചർ -സി) വകുപ്പ്**

**സ.ഉ. (സാധാ) നം.2947/2020/ധന തിരുവനന്തപുരം, തീയതി 05/05/2020**

---

## <u>ഉത്തരവ്</u>

കോവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി ആയിരം രൂപ വീതം നൽകുന്നതിന് തീരുമാനിച്ചു. ആയതിലേക്കായി 2020-21 സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പിന്നീട് റീഇംപ്പ് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയിൽ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നും തീരുമാനിയ്ക്കപ്പെട്ടു.

2. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14,78,236 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തുകയും ഒരു കുടുംബത്തിനു ആയിരം രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിലേക്കായി ആകെ 147,82,36,000/- രൂപ (നൂറ്റിനാല്പത്തേഴ് കോടി എൺപത്തി രണ്ട് ലക്ഷത്തി മുപ്പത്താറായിരം രൂപ) "2075-00-800-40- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന (നോൺ-പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP80 അക്കൗണ്ടിൽ നിന്നും 14 ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരുടെ സ്പെഷ്യൽ TSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് ഉത്തരവാകുന്നു. പ്രസ്തുത തുക പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ബന്ധപ്പെട്ട ഗുണഭോക്താവിന്റെ വീട്ടിൽ ചെന്ന് വിതരണം നടത്തേണ്ടതും ഇതിന് ആവശ്യമായ ക്രമീകരണങ്ങൾ സഹകരണ സംഘം രജിസ്ട്രാർ നടത്തേണ്ടതുമാണ്. ഇങ്ങനെ വിതരണം നടത്തുന്ന ഗുണഭോക്താവിൽ നിന്നും അനുബന്ധമായി കൊടുത്തിട്ടുള്ള സത്യപ്രസ്താവന പൂർണ്ണമായി പൂരിപ്പിച്ച് ഒപ്പിട്ട് വാങ്ങേണ്ടതും ആയത് സഹകരണ സംഘം രജിസ്ട്രാർ ക്രോഡീകരിച്ച് സർക്കാരിനു ലഭ്യമാക്കേണ്ടതുമാണ്.

3. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിയ്ക്കുന്ന മേൽ തുക പിന്നീട് ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും റീഇമ്പേഴ്സ് ചെയ്യുന്നതായിരിയ്ക്കും.

4. തുക പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

(1) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ, അതേ മേഖലയിൽ, ഈ ഉത്തരവ് പ്രകാരമുള്ള സാമ്പത്തിക സഹായവും വിതരണം നടത്തേണ്ടതാണ്.

(2) ഗുണഭോക്താക്കളുടെ പട്ടിക ജില്ലാ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാർ തിരിച്ച് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർക്ക് ലഭ്യമാക്കുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ ആധാർ / മറ്റേതെങ്കിലും നിയമസാധുതയുള്ള രേഖ (ആധാർ ഇല്ലാത്തവരുടെ കാര്യത്തിൽ) പരിശോധിച്ച് ഒപ്പോ, വിരലടയാളമോ രേഖപ്പെടുത്തി തുക സമയബന്ധിതമായി നൽകേണ്ടതാണ്.

(3) ഓരോ പ്രാഥമിക സഹകരണ സംഘങ്ങളുടെയും പ്രവർത്തന മേഖലയിലെ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതാത് ജില്ലയുടെ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർ ആവശ്യമായ തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്. ആദ്യ ഘട്ടത്തിൽ സർക്കാർ ആവശ്യമായ ആകെ തുകയുടെ 90% ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതാണ്. ആയതിനു ശേഷം ഇതിനായി ഓരോ ദിവസം ചെലവാകുന്ന തുക റീഇമ്പേഴ്സ് ചെയ്യുന്നതിനു വേണ്ടി റിലീസ് ചെയ്ത് നൽകുന്നതാണ്.

(4) തുക വിതരണം ചെയ്യുന്നതിന് ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിന്റെ അതേ നിരക്കിൽ സഹകരണ സംഘങ്ങൾക്ക് ഇൻസെന്റീവ് അനുവദിക്കുന്നതായിരിക്കും.

5. സാമ്പത്തിക സഹായം സ്വീകരിക്കുന്നവരുടെ അർഹത സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം (നോൺ ടെക്നിക്കൽ) ആകസ്മിക (Random) പരിശോധന നടത്തുന്നതായിരിയ്ക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം )

**രാജേഷ് കുമാർ സിംഗ് ഐ.എ.എസ്**

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
5. സഹകരണ സംഘം രജിസ്ട്രാർ, ജവഹർ സഹകരണ ഭവൻ , ഡിപിഐ,

തൈക്കാട് , തിരുവനന്തപുരം

6. സെക്രട്ടറി , ഭക്ഷ്യ പൊതുവിതരണ വകുപ്പ്
7. സെക്രട്ടറി , സഹകരണ വകുപ്പ്
8. സിവിൽ സപ്ലൈസ് ഡയറക്ടർ
9. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
10. ധനകാര്യ (ഫണ്ട്സ്) വകുപ്പ്
11. ധനകാര്യ (വേയ്സ്&മീൻസ്) വകുപ്പ്
12. ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്
13. സഹകരണ വകുപ്പ്

14 സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം

# സത്യപ്രസ്താവന

| | |
|---|---|
| റേഷൻ കാർഡ് ഉടമയുടെ പേര് : വയസ്സ് : | |
| ആധാർ നമ്പർ/ വോട്ടർ ഐ.ഡി. നമ്പർ | |
| കുടുംബത്തിലെ മുതിർന്ന മൂന്ന് അംഗങ്ങളുടെ പേര്<br>1.<br>2.<br>3. | ആധാർ നമ്പർ<br>1.<br>2.<br>3. |
| മേൽവിലാസം | |
| റേഷൻ കാർഡ് നമ്പർ | |
| ബാങ്ക് അക്കൗണ്ട് നമ്പർ | |

എനിക്കോ എന്റെ കുടുംബത്തിനോ കോവിഡ്-19 തുമായി ബന്ധപ്പെട്ട് ക്ഷേമ പെൻഷനോ ക്ഷേമനിധി ബോർഡ് പെൻഷനോ സർക്കാരിൽനിന്നുള്ള മറ്റ് യാതൊരുവിധ സാമ്പത്തിക സഹായങ്ങളോ ലഭിച്ചിട്ടില്ലായെന്നും അങ്ങനെ ലഭിച്ചതായി പിന്നീട് ബോധ്യപ്പെട്ടാൽ ഇപ്പോൾ ലഭിച്ച തുക തിരിച്ചടക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണെന്നും ഇതിനാൽ പ്രസ്താവിച്ച് കൊള്ളുന്നു.

ഞാൻ ഇതോടൊപ്പം ലഭ്യമാക്കിയിട്ടുള്ള ആധാർ നമ്പർ/ ഐഡി നമ്പർ കോവിഡ് 19 തുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം ലഭിയ്ക്കുന്ന കാര്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണെന്ന് ഇതിനാൽ സമ്മതിച്ച കൊള്ളുന്നു.

| | |
|---|---|
| തീയതി | ഒപ്പ് :<br><br>പേര് : |